# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2049 — 13.06.2019 - ൽ മറുപടിയ്ക്ക്

### വൃക്ക മാറ്റിവക്കൽ ശസ്ത്രക്രിയക്ക് വിധേയരായ നിർധനരായ രോഗികൾക്ക് സൗജന്യമരുന്ന്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ:** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) വൃക്കമാറ്റിവക്കൽ ശസ്ത്രക്രിയക്ക് വിധേയരായ നിർധനരായ രോഗികൾക്ക് സ്ഥിരമായി കഴിക്കേണ്ട വില കൂടിയ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) മരുന്ന് വിതരണം നടത്തുന്നുണ്ടെങ്കിൽ അത് എപ്രകാരമാണെന്നും ഇതിലേക്കുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ചികിത്സയ്ക്കാവശ്യമായി വരുന്ന 246 ഇനം മരുന്നു പട്ടിക 06.10.2017 ലെ സ.ഉ.(സാധാ) നം.2749/2017/ ആകുവ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ആയവ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ വിതരണം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടി മരുന്നു പട്ടികയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്കായുള്ള Cyclosporine Cap.IP 100mg, Mycophenolate Mofetil Tab IP 500mg, Tacrolimus Cap IP 1mg എന്നീ മൂന്നിനം മരുന്നുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ മരുന്നുകൾ വൃക്കമാറ്റിവെയ്ക്കൽ ചികിത്സാ സൗകര്യമുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെ നിലവിൽ സൗജന്യമായി നൽകി വരുന്നുണ്ട്. വൃക്ക രോഗവുമായി ബന്ധപ്പെട്ട രോഗികൾക്ക് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിന് ആവശ്യമായി വരുന്ന Clonidine Tab IP 100Mcg എന്ന ഗുളിക സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയിലൂടെ ഡയാലിസിസ് ചികിത്സയോടനുബന്ധിച്ച് സൗജന്യമായി നൽകി വരുന്നുണ്ട്.<br><br>കൂടാതെ അർബുദരോഗ ചികിത്സയ്ക്കുള്ള മരുന്നുകളുടെ ഗണത്തിൽപ്പെട്ട AZATHIOPRINE TAB IP 50 mg എന്ന ഗുളിക സർക്കാർ മെഡിക്കൽ കോളേജുകൾക്കു പുറമെ ജില്ലാ ആശുപത്രികൾ മുഖേനയും സൗജന്യമായി നൽകിവരുന്നു. |

| | |
|---|---|
| (സി) മരുന്ന് വിതരണം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക വകയിരുത്തി പദ്ധതി തയ്യാറാക്കുവാൻ അനുവാദം നൽകാനാവുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) വൃക്ക രോഗികൾക്ക് മരുന്നു വിതരണം ചെയ്യുന്നതിനായി കൃത്യമായ പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ